പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1624 11.08.2017-ലെ മറുപടിക്ക്

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോ**

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ ബസുകളുടെ എണ്ണം, കാലപ്പഴക്കം, നിലവിലുള്ള ഷെഡ്യൂളുകളുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ; 2017 ജനുവരിക്കുശേഷം വെട്ടിക്കുറച്ച ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ; ഷെഡ്യൂളുകൾ കുറക്കുവാനുള്ള കാരണം വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയിൽ 86 ബസുകളുണ്ട്. അഞ്ച് വർഷത്തിൽ താഴെ പഴക്കമുള്ള 17 ബസുകളും, അഞ്ച് വർഷത്തിനും പത്ത് വർഷത്തിനുമിടയിൽ പഴക്കമുള്ള 45 ബസുകളും, പത്ത് വർഷത്തിന് മുകളിൽ പഴക്കമുള്ള 24 ബസുകളുമുണ്ട്. നിലവിലുള്ള ഷെഡ്യൂളുകളുടെ എണ്ണം 88 ആണ്. 2017 ജനുവരിക്ക് ശേഷം ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | ഇവിടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് യോഗ്യമായ എത്ര ബസുകളുണ്ടെന്നും അവയുടെ നമ്പറും വ്യക്തമാക്കുമോ; ഫാസ്റ്റ് പാസഞ്ചർ സർവ്വീസിനു യോഗ്യമല്ലാത്ത ബസുകൾ പ്രസ്തുത സർവ്വീസ് നടത്തുന്നുണ്ടോ എന്നും അവ എത്രയെണ്ണമെന്നും വ്യക്തമാക്കുമോ; | (ബി) | ഇവിടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് യോഗ്യമായ 13 ബസുകളുണ്ട്. അവയുടെ നമ്പർ യഥാക്രമം RSC 338, RSM 372, RSM 565, RSM 726, RPA 09, RPA 458, RSC 340, RPC 626, RPC 796, ATA 66, ATA 267, ATA 266, RSA 972 എന്നിങ്ങനെയാണ്. ഫാസ്റ്റ് പാസഞ്ചർ സർവ്വീസിന് യോഗ്യമല്ലാത്ത ബസുകൾ പ്രസ്തുത സർവ്വീസുകൾ നടത്തുന്നില്ല. |
| (സി) | ഇവിടേക്ക് കൂടുതൽ ബസുകൾ അനുവദിച്ച് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**